**കേരള സർക്കാർ**

ഭരണഭാഷ - മാതൃഭാഷ

DFTVM/1872/2019-F3

ഫിഷറീസ് ഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി:19/12/2019
Phone: 0471-2305042
Email: fishérjesdirector@gmail.com

## സർക്കുലർ.നമ്പർ 04 /2019

വിഷയം : ഫിഷറീസ് - സഹകരണം - ഫിഷറീസ് വകുപ്പിൻറെ നിയന്ത്രണത്തിലുള്ള മത്സ്യ സഹകരണ സംഘങ്ങളിലെ നിയമനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- - സംബന്ധിച്ച്.

1) മത്സ്യ സഹകരണ സംഘങ്ങളിലെ എല്ലാ നിയമനങ്ങളും 1969-ലെ കേരള സഹകരണ നിയമത്തിലെ വകുപ്പുകൾക്കും അതിന് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായിരിക്കും

2) മത്സ്യസഹകരണ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷനും തസ്തിക സൃഷ്ടിക്കലും സർക്കാരിന്റെ 3/8/06 ലെ SRO 573/06 പ്രകാരം സഹകരണ സംഘം ചട്ടത്തിൽ ഉൾപ്പെടുത്തിയ അനുബന്ധം III ലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കും .

3) സംഘങ്ങളിൽ തസ്തികകൾ അനുവദിക്കുന്നതിന് സംഘം ഭരണസമിതി തീരുമാനമെടുത്ത് രജിസ്ട്രാർക്ക് അംഗീകാരത്തിന് നൽകേണ്ടതാണ്.

4) ക്ലാസിഫിക്കേഷൻ ഉത്തരവിനു വിധേയമായി ജീവനക്കാരുടെ നിയമനം , പ്രൊമോഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തമായ ഉപനിബന്ധനകൾ (ഫീഡർ കാറ്റഗറി റൂൾസ്) തയ്യാറാക്കി രജിസ്ട്രാറുടെ അംഗീകാരം വാങ്ങിയിരിക്കണം. ഫീഡർ കാറ്റഗറി റൂളുകൾ അനുസരിച്ച് ആയിരിക്കണം സംഘത്തിലെ നിയമനവും പ്രൊമോഷനും നടത്തേണ്ടത്

5) ക്ലാസ്സിഫിക്കേഷനനുസൃതമായി ജീവനക്കാരെ നിയമിക്കുവാൻ സാധിക്കാതെ വരികയോ സ്റ്റാഫ് പാറ്റേണിൽ എന്തെങ്കിലും വ്യത്യാസം ആവശ്യമായി വരികയോ ചെയ്യുന്ന സംഗതിയിൽ രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ ഉപനിബന്ധനകൾ ഭേദഗതി വരുത്തുവാൻ പാടുള്ളൂ. ജോലിയിലിരിക്കേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ചട്ടം 188 എ യിലെ നിബന്ധനകൾക്കു വിധേയമായി ആശ്രിത നിയമനം നൽകേണ്ടതാണ്.

6) അനുബന്ധം III പ്രകാരമുള്ളതിലും അധികമായി തസ്തികകൾ ആവശ്യമായി വന്നാൽ അധിക തസ്തിക സൃഷ്ടിക്കുന്നതിന് രജിസ്ട്രാറിൽ നിന്നോ സർക്കാരിൽ നിന്നോ അനുമതി കർശനമായി വാങ്ങിയിരിക്കേണ്ടതാണ്.

7) താത്കാലിക നിയമനം യാതൊരു കാരണവശാലും നടത്താൻ പാടുള്ളതല്ല .

8) സ്ഥിരം തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് താഴെപറയുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

a) നിയമനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുവാൻ പ്രാദേശികമായി പ്രചാരമുള്ള മലയാളപത്രങ്ങളിൽ പരസ്യം നൽകേണ്ടതാണ്. പരസ്യത്തിൽ സംഘത്തിൻറെ പൂർണ്ണമായ പേരും വിലാസവും, ഒഴിവുള്ള തസ്തികയുടെ പേര്, എണ്ണം, ശമ്പളസ്കെയിൽ പ്രായപരിധി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, അപേക്ഷാഫീസ്, എഴുത്തുപരീക്ഷ, ഇൻറർവ്യൂ എന്നിവ സംബന്ധിച്ച വിവരം , അപേക്ഷ ലഭിക്കേണ്ട അവസാന തീയതി